**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **09-08-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേനയുള്ള സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 48 സബ് രജിസ്ട്രാർ ഓഫീസുകൾക്കും മൂന്ന് രജിസ്ട്രേഷൻ കോംപ്ലക്സുകൾക്കും, ഒരു സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റ പ്പണിക്കുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 40 ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തുകയും ഒരു ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കെട്ടിടങ്ങളാണ് പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | ഉദ്ഘാടനം ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്ത എത്ര രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | (സി) | കിഫ്ബി പദ്ധതിയിൽ ഉദ്ഘാടനം ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്ത ഒൻപത് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളാണ് നിലവിലുള്ളത്.<br><br>1)കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ്<br><br>2)അഴിയൂർ സബ് രജിസ്ട്രാർ ഓഫീസ്<br><br>3)വില്യാപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ്<br><br>4)തിരുവള്ളൂർ സബ് രജിസ്ട്രാർ ഓഫീസ്<br><br>5)തൃപ്രയാർ സബ് രജിസ്ട്രാർ ഓഫീസ്<br><br>6)കോതമംഗലം സബ് രജിസ്ട്രാർ ഓഫീസ്<br><br>7)കടുത്തുരുത്തി സബ് രജിസ്ട്രാർ ഓഫീസ്<br><br>8)കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ്<br><br>9)ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് |
| (ഡി) | ഓഫീസ് പ്രവർത്തനം തുടങ്ങാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; | (ഡി) | ഉദ്ഘാടനം കഴിഞ്ഞ ഓഫീസുകളിൽ സൈറ്റ് പ്രിപ്പറേഷൻ ജോലികൾ പൂർത്തിയാകാത്തതും, കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സിന് ബിൽഡിംഗ് നമ്പർ ലഭിക്കാത്തതുമാണ് ഓഫീസ് പ്രവർത്തനം |

| | | | |
|---|---|---|---|
| | | | തുടങ്ങാൻ സാധിക്കാത്തത്. സൈറ്റ് പ്രിപ്പറേഷൻ ജോലികൾ പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസ് പുതിയ കെട്ടിടത്തിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ചാത്തമംഗലം സബ് രജിസ്ട്രാർ ഓഫീസിലെ യു.പി.എസ്. വയറിംഗ്, നെറ്റ്‌വർക്ക് കേബിളിംഗ് ജോലികൾ ഉൾപ്പെടുന്ന സൈറ്റ് ജോലികൾ പൂർത്തിയാക്കുവാൻ ഉദ്ദേശം രണ്ടു മാസത്തെ സമയം വേണ്ടി വരുമെന്ന് കണക്കാക്കുന്നു. പ്രസ്തുത സൈറ്റ് ജോലികൾ പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ